Draft #1 of File 47884/AD A1-4/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 08-Oct-2020 09:14 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

ഭരണകാര്യം: വിവരാവകാശ നിയമം 2005 - പരീക്ഷാവിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ 11, അസിസ്റ്റൻറ് രജിസ്ട്രാർ 21 എന്നീ ഉദ്യോഗസ്ഥരെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി നിയമിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4571/AD A1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.10.2020

---

*പരാമർശം:*-28.09.2020 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ കുറിപ്പ് നം. CE.501/254/2020.

<u>**ഉത്തരവ്**</u>

സർവ്വകലാശാലയിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകേണ്ടത് ബന്ധപ്പെട്ട പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ ഡെപ്യൂട്ടി രജിസ്ട്രാർമാരാണ്. പബ്ലിക് ഇൻഫർ ഓഫീസർമാരുടെ അഭാവത്തിൽ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ അസിസ്റ്റൻറ് രജിസ്ട്രാർമാർക്കാണ് മറുപടി നൽകുവാൻ അധികാരമുള്ളത്.

എന്നാൽ, പരീക്ഷാ വിഭാഗത്തിലെ അസിസ്റ്റൻറ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായ അസിസ്റ്റൻറ് രജിസ്ട്രാർ 11, അസിസ്റ്റൻറ് രജിസ്ട്രാർ 21 എന്നീ ഉദ്യോഗസ്ഥർക്ക്, പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി ചുമതല വഹിക്കേണ്ട 'ഡെപ്യൂട്ടി രജിസ്ട്രാർ' മേലുദ്യോഗസ്ഥരായി നിലവിലില്ലാത്തതിനാൽ, പരീക്ഷാ വിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ 11, അസിസ്റ്റൻറ് രജിസ്ട്രാർ 21 എന്നീ ഉദ്യോഗസ്ഥരെ, വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് മറുപടി നൽകുന്നതിനുള്ള പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരായി ചുമതലപ്പെടുത്തിക്കൊണ്ട് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. അസിസ്റ്റൻറ് രജിസ്ട്രാർ 11 / 21 (പരീക്ഷാ വിഭാഗം)
2. വൈസ് ചാൻസലർ/ പ്രൊ- വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. എ.ആർ./ ഡി.ആർ/ ജെ.ആർ. (ഭരണവിഭാഗം/അക്കാദമിക വിഭാഗം/ പരീക്ഷാവിഭാഗം/ ധനകാര്യവിഭാഗം)
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി/PIO.
7. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ